## കേരള കാർഷിക സർവ്വകലാശാല വാർത്തകൾ
## (ഫെബ്രുവരി 05 –11 2021)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
E-mail: ccmannuthy@kau.in, Phone:0487-2370773)

No. C3/4/2021 – 7 Dt. 04.02.2021

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

മൂന്നാംവിള നെൽകൃഷിയിറക്കാത്ത പാടങ്ങളിൽ ജലസേചന സൗകര്യമുള്ളയിടങ്ങളിൽ പച്ചക്കറികളോ പയറോ കൃഷി ചെയ്യാം. പാടത്ത് പയറുവർഗ്ഗ പച്ചിലവളച്ചെടികൾ വിതച്ച് ഉഴുത് ചേർത്താൽ അധികച്ചിലവില്ലാതെ കർഷകർക്ക് ജൈവവളങ്ങൾ ലഭ്യമാകും. ജൈവവളം എന്നതിന് പുറമേ ഈ ചെടികൾ അന്തരീക്ഷ നൈട്രജനെ വലിച്ചെടുത്ത് മണ്ണിലെത്തിക്കുകയും ചെയ്യും. കൊഴിഞ്ഞിൽ ഡെയിഞ്ച, ചണമ്പ്, പയർ എന്നിവ ഇപ്രകാരം കൃഷി ചെയ്യാവുന്ന പച്ചില വളച്ചെടികളാണ്. വീട്ടുവളപ്പിലോ മറ്റോ പച്ചില വളച്ചെടികൾ നട്ടുവളർത്തി വിത്തു ശേഖരിച്ച് വെയ്ക്കുകയാണെങ്കിൽ വർഷാവർഷം വിത്ത് വാങ്ങേണ്ട ആവശ്യം വരില്ല. നെല്ലിലെ മുഞ്ഞയെ നിയന്ത്രിക്കാൻ പാടങ്ങളിലെ വെള്ളം വാർത്ത് കളയുക. രണ്ട് ഗ്രാം തയാമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ഇമിഡാക്ലോപ്രിഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

തെങ്ങിന് മെയ് വരെയുള്ള മാസങ്ങളിൽ തെങ്ങോലപ്പുഴുവിന്റെ ആക്രമണം സാധാരണ കാണാറുണ്ട്. ഇതിനെ നിയന്ത്രിക്കാൻ ജൈവീക നിയന്ത്രണ മാർഗ്ഗമായി എതിർ പ്രാണികളെ ഉപയോഗിക്കാം. തെങ്ങിൻ തടങ്ങളിൽ പുതയിട്ട് മണ്ണിലെ ഈർപ്പം നിലനിർത്തണം. തെങ്ങോലകൾ കമ്പോസ്റ്റാക്കി മാറ്റി തെങ്ങിന് വളമായി നൽകുന്നതുവഴി തെങ്ങിന് നൽകേണ്ട പോഷകങ്ങളുടെ ഗണ്യമായ ഒരു ഭാഗം ലാഭിക്കാം. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. കൂടാതെ മണ്ടയിലെ അഴുകിയ ഭാഗങ്ങൾ ചെത്തിമാറ്റി, കൂമ്പിൽ ബോർഡോ കുഴമ്പ് തേച്ച് പിടിപ്പിക്കുക.

ഒട്ടുമാവ് തൈകൾ ആഴ്ച്ചയിൽ രണ്ടുതവണ നനക്കേണ്ടത് അനിവാര്യമാണ്. മുതിർന്ന മാവുകൾക്ക് ആഴ്ച്ചയിൽ ഒരു നനയും ഉറപ്പ് വരുത്തുക.പുതയിടുന്നത് വഴി മണ്ണിലെ ഈർപ്പം നിലനിർത്താൻ സഹായിക്കും. മാവിന് പുകയേല്പിക്കുന്നത് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ചയുടെ ഉപദ്രവം കൊണ്ട് മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി കായീച്ചക്കെണി ഉപയോഗിക്കാം. കായീച്ചക്കെണി മണ്ണുത്തി വില്പനകേന്ദ്രത്തിൽ ലഭ്യമാണ്. മാവ് പൂത്ത് തുടങ്ങുമ്പോൾ മുതൽ കെണി വെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്.

വാഴക്ക് നന തുടരാം. ശരാശരി 100 ലിറ്റർ വെള്ളം ഒരാഴ്ച്ച നൽകണം. ശുപാർശയനുസരിച്ച് ജലസേചനത്തിനു കഴിയാത്തവർ വൈക്കോലോ മറ്റ് ഉണങ്ങിയ വസ്തുക്കളോ കൊണ്ട് പുതയിടണം. അഞ്ചു മാസം പ്രായമായ നേന്ത്രവാഴയിൽ തടതുരപ്പന്റെ ആക്രമണത്തിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പശിമയുള്ള മണ്ണ് കുഴമ്പ് രൂപത്തിലാക്കി അത് തടയിൽ ഒന്ന് ഒന്നര മീറ്റർ ഉയരം വരെ മാസത്തിൽ ഒരിക്കൽ വീതം തേച്ചു കൊടുക്കുന്നത് ഒരു നല്ല പ്രതിരോധ നടപടിയാണ്. മൺകുഴമ്പിൽ വെള്ളത്തിൽ കലക്കാവുന്ന പൊടിരൂപത്തിലുള്ള കീടനാശിനി ചേർത്ത് തടകളിൽ തേച്ച് കൊടുക്കുന്നത് ചെല്ലികൾ മുട്ടയിടുന്നത് തടയുന്നതാണ്. കുറുനാമ്പു രോഗമുള്ള വാഴ വെട്ടി നശിപ്പിക്കുക. വാഴപ്പേനാണ് ഈ രോഗം പരത്തുന്നത്. ഇവയെ നിയന്ത്രിക്കാനായി 1.5 മില്ലി ഡൈമെത്തോയേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വാഴയ്ക്ക് മണ്ഢരിയുടെ ശല്യം ഉണ്ടെങ്കിൽ സോപ്പ് ലായനി (5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ചശേഷം പെസിലോമൈസസ് എന്ന ജൈവ കുമിൾ രൂപികകൾ 5–10 ഗ്രാം ഒരു ലിറ്റർ എന്നതോതിൽ ഇലകളുടെ അടിയിൽ തളിച്ചു കൊടുക്കുക.

കശുമാവിൻ തോട്ടത്തിൽ തേയിലക്കൊതുകിന്റെ ആക്രമണവും ആന്ത്രാക്നോസ് രോഗബാധയും ഒന്നിച്ചു കാണുന്ന സമയമാണിത്. അതുകൊണ്ട് കളകൾ നീക്കം ചെയ്ത് തോട്ടം വൃത്തിയാക്കിയിടേണ്ടതാണ്. വേപ്പിൻ സത്തടങ്ങിയ കീടനാശിനികൾ തളിച്ചു കൊടുത്ത് തേയിലക്കൊതുകിനെ നിയന്ത്രിക്കണം. ആന്ത്രാക്നോസ് രോഗം തടയുന്നതിന് 1% ബോർഡോമിശ്രിതം തളിച്ചു കൊടുക്കാം.

വിതച്ച് ഒരു മാസമായ വൻപയറിനും, വിതച്ച് 15 ദിവസം കഴിഞ്ഞ മണിപ്പയറിനും സെന്റിന് 90 ഗ്രാം എന്ന നിരക്കിൽ യൂറിയ വിതറാം. പുഷ്പിക്കുന്ന സമയത്തും പയറിന് നനക്കണം. ഒടിപ്പയർ ഇനങ്ങൾക്ക് പന്തൽ സൗകര്യമൊരുക്കണം. കൂടാതെ 4–5 ദിവസം കൂടുമ്പോൾ നനയ്ക്കുകയും വേണം. ഇവക്ക് കൂടുതൽ വളം ഇടക്കിടെ ചേർത്ത് കൊടുക്കേണ്ടതുമാണ്.

ഈ മാസവും ചീര നടാം. നനക്കുവാനുള്ള സൗകര്യത്തിനായി ചാലുകളിലാണ് വേനലിൽ ചീര നടേണ്ടത്. ചാലുകൾക്ക് ഒരടി വീതിയും, 15 സെ.മീ ആഴവും ആകാം. സെന്റിന് 2.5 കിലോ കുമ്മായം ഇട്ട് ഒരാഴ്ച കഴിഞ്ഞ് 100 – 200 കി.ഗ്രാം എന്ന തോതിൽ ജൈവവളം ചാലിൽ ചേർത്ത് മണ്ണുമായി കൊത്തിച്ചേർക്കണം. അരുൺ എന്ന ഇനം ചുവന്ന ചീരയാണ്. മോഹിനി ഈ1, ഈ2, ഈ3 എന്നിവ നല്ലയിനം പച്ചച്ചീര ഇനങ്ങളാണ്. രേണുശ്രീ, കൃഷ്ണശ്രീ എന്നയിനം ചീരകളും ലഭ്യമാണ്. തൈകൾ വൈകുന്നേരം നട്ട് നനക്കുക. പിടിച്ചുകിട്ടുന്നതുവരെ തണൽ നൽകുന്നത് നന്നായിരിക്കും. തൈകൾ നട്ട് തീരുന്നതോടെ സെന്റിന് 200 ഗ്രാം യൂറിയ, 100 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 330 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ തൈകൾക്ക് ചുറ്റും വിതറി മണ്ണിൽ കൊത്തിച്ചേർക്കണം.

. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

മീലിമൂട്ട ബാധമൂലം ഫലവൃക്ഷങ്ങളും ചെടികളും ഉണങ്ങി നശിക്കാം. ഇവ ചെടികളുടെ വേരുഭാഗത്ത് പറ്റിയിരുന്ന് നീരൂറ്റികുടിക്കുന്നതുകൊണ്ടാണ് ചെടികൾ ഉണങ്ങുന്നത്. മീലിമൂട്ടകളെ ഒരു ചെടിയിൽ നിന്നും മറ്റു ചെടികളിലേയ്ക്ക്

കൊണ്ടു പോകുന്നത് ഉറുമ്പുകളാണ്. അതുകൊണ്ട് മീലിമൂട്ടകളേയും ഉറുമ്പുകളേയും നിയന്ത്രിക്കേണ്ടതാണ്. ഇതിനായി 1 സെന്റിന് 1 കിലോ കുമ്മായം എന്നതോതിൽ മണ്ണിൽ ചേർത്ത് നന്നായി ഇളക്കികൊടുക്കണം. വെർട്ടിസീലിയം എന്ന മിത്രകുമിൾ 10–15 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി വൃക്ഷങ്ങളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും ചെടികളിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

**<u>അറിയിപ്പ്</u>**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പന യ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487–2370773**

2. വിവിധ വിഷയങ്ങളിൽ ഉള്ള പരിശീലന പരിപാടികൾ പുനരാരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാല പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

   കൂടുതൽ വിവരങ്ങൾക്ക് 0487–2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**ഒപ്പ്/–**

**പ്രൊഫസർ & ഹെഡ്**